**നം.എച്ച്2/25700/2015/ഡി.പി.ഐ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം**
**തീയതി : 29.07.2016**

പ്രേഷിതാവ്

പൊത വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - അനാദായകരമായ സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച്.**

സൂചന :-
1. 06.11.2012 ലെ സർക്കുലർ നമ്പർ 58604/ജെ2/12/പൊ.വി.വ.
2. 29.01.2016 ലെ സ.ഉ.(പി) നം.29/2016/പൊ.വി.വ.
3. ഈ ഓഫീസിൽനിന്നുള്ള 03.05.2016 ലെ ഇതേ നമ്പർ സർക്കുലർ.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അനാദായകരമായ സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച് ഈ ഓഫീസിൽ നിന്നു പറപ്പെടുവിച്ച സൂചന 3 ലെ സർക്കുലറിൽ ഒരു പിശക് കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഓഫീസുകളിൽ ലഭിച്ച ഈ സർക്കുലറിന്റെ അവസാന ഖണ്ഡികയിലെ ആദ്യവാചകം അവസാനിക്കുന്നത് "........ശരാശരി 15 കുട്ടികൾ ഒരു ക്ലാസിൽ ഉണ്ടെങ്കിൽ ടി സ്കൂളിലെ അധ്യാപക നിയമനം സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ചു നൽകേണ്ടതാണ്" എന്നാണ്. ആദ്യം ടൈപ്പുചെയ്തപ്പോൾ ഉണ്ടായ ഈ തെറ്റ് തിരുത്തി 03.05.2016 നുതന്നെ സർക്കുലർ വീണ്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ എങ്ങനെയോ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പരന്നിരിക്കുന്നത് സർക്കുലറിന്റെ തിരുത്തൽ വരുത്താത്ത രൂപമാണ്. ആയതിനാൽ ഈ സർക്കുലറിന്റെ ശരിയായ രൂപം ഇപ്പോൾ വെബ്സൈറ്റിൽ ഉള്ളത് ശ്രദ്ധിക്കണമെന്നും അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനങ്ങൾക്ക് സൂചന ഒന്നിലെ സർക്കുലറിലെ നിർദേശപ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ ദിനവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകാരം നൽകാവൂ എന്നും അറിയിക്കുന്നു. തുടർന്ന് നിർദിഷ്ട എണ്ണം കുട്ടികൾ ഉണ്ടെങ്കിൽ ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കുട്ടികളുടെ യു.ഐ.ഡി. സംബന്ധിച്ച തെളിവുകൾ സഹിതം ഹർജി സമർപ്പിച്ചാൽ ഓരോ കേസിന്റെയും മെറിറ്റ് പരിശോധിച്ച് ഡയറക്ടറേറ്റിൽനിന്ന് തീരുമാനമുണ്ടാകുന്നതാണ്. ഇതല്ലാതെ അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനങ്ങളുടെ എണ്ണം ഡയറക്ടറേറ്റിൽ ശേഖരിച്ചതിലൂടെ അധ്യാപകർക്ക്

ശമ്പള സ്കെ യിലിൽ നിയമനാംഗീകാരം നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയില്ല എന്ന ും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**പകർപ്പ് :**

1. *ഡയറം ്ടറേറ്റിലെ എഫ്, ജി, ഇ.റ്റി, ഇ.എം., ഇ.സി., ആർ.എ സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണി്‌ ് ഓഫീസർമാർക്കും (അൺ ഇക്കണോമിക് സ്കൂളുകളിലെ ദിനവേതനാടിസ്ഥാന ത്തിലു ്ള നിയമനങ്ങൾക്ക് ശമ്പള സ്കെയിലിൽ അംഗീകാരം നൽകുന്നതിനുള്ള ഹർജി കളിന്മേ ൽ സൂചന ഒന്നിലെ സർക്കുലറിലെ നിർദേശപ്രകാരം റിവ്യൂ നടത്തി തീരുമാനമെ ടുക്കേ ്ടതാണ്. ഇത്തരം ഹർജികൾ ഇതിനകം തിരിച്ചയച്ചിട്ടുണ്ടെങ്കിൽ അവ പുനഃസ മർപ്പിക ്ുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളണം).*
2. *സൂപ്പർ ്ചക്ക് സെൽ ഓഫീസർ, തിരുവനന്തപുരം*
3. *കരുത  ർ ഫയൽ*